**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 569** — **10-11-2021 - ൽ മറുപടിയ്ക്ക്**

**ടൂറിസം മേഖല സുരക്ഷിതമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ. പി.പി. സുമോദ്,<br>ശ്രീ. എ. രാജ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ലോക്ഡൗൺ നിയന്ത്രണങ്ങളിൽ ഇളവ് നല്കിയപ്പോൾ വിനോദ സഞ്ചാരികൾക്ക് സുരക്ഷിത കേന്ദ്രമായി സംസ്ഥാനത്തെ മാറ്റുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (എ) | ലോക്ഡൗൺ നിയന്ത്രണങ്ങളിൽ ഇളവ് നല്കിയപ്പോൾ വിനോദ സഞ്ചാരികൾക്ക് സുരക്ഷിത കേന്ദ്രമായി സംസ്ഥാനത്തെ മാറ്റുവാൻ സർക്കാർ നിരവധി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കോവിഡിന്റെ വ്യാപനത്തെ തുടർന്ന് നിർത്തി വച്ചിരുന്ന ടൂറിസ്റ്റ് വിസ പുനഃസ്ഥാപിക്കാനുള്ള തീരുമാനം കേന്ദ്ര സർക്കാർ കൈകൊണ്ടിട്ടുണ്ട്. ഇതനുസരിച്ച് കേരളത്തിലേക്ക് എത്തുന്ന രാജ്യാന്തര വിനോദ സഞ്ചാരികളെ സ്വീകരിക്കുവാൻ വിപുലമായ ഒരുക്കമാണ് ടൂറിസം വകുപ്പ് നടത്തിയത്. കോവിഡ് ഇപ്പോഴും സമൂഹത്തിൽ നിലനിൽക്കുന്ന സാഹചര്യത്തിൽ വിനോദസഞ്ചാരികളുടെ സുരക്ഷയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള നടപടികളാണ് ആദ്യം സ്വീകരിച്ചത്. ഇതനുസരിച്ച് വിനോദസഞ്ചാരികളോട് ഇടപെടുന്ന ടൂറിസം മേഖലയിലെ ഭൂരിഭാഗം ജീവനക്കാരേയും വാക്സിനേറ്റ് ചെയ്യുന്നതിനുള്ള നടപടി പൂർത്തിയാക്കാൻ കഴിഞ്ഞു. സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങൾ എല്ലാംതന്നെ ഒരു ബയോബബിൾ സുരക്ഷാവലയത്തിലാക്കാൻ കഴിഞ്ഞു. കൂടാതെ നമ്മുടെ നാട് സന്ദർശിക്കുന്ന വിനോദസഞ്ചാരികൾക്ക് ആത്മവിശ്വാസം പകരുവാൻ കേരളം സുരക്ഷിതമാണെന്ന് അറിയിച്ച് വിവിധ പ്രചാരണപ്രവർത്തനങ്ങളും ടൂറിസം വകുപ്പ് നടപ്പാക്കിവരുന്നു. ഇതോടൊപ്പം സംസ്ഥാനത്തെ ടൂറിസം മേഖലയുടെ നിലനിൽപ്പിനും സഞ്ചാരികളെ വരവേൽക്കാനുള്ള തയ്യാറെടുപ്പിനുമായി വിവിധ സഹായ പദ്ധതികൾക്കും ടൂറിസം വകുപ്പ് രൂപം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ